സൈക്കിളിൽ സാധനങ്ങൾ എത്തിക്കുന്ന ജോലി, തട്ടുകട, ഇസ്ത്രി, തേപ്പ്, ആക്രിവ്യാപാരം, അമ്പലപ്പറമ്പുകളിൽ വെടിവെപ്പ്, കല്ലുടപ്പ്, മത്സ്യകച്ചവടം, പാചകം, തയ്യൽ(വീട്ടിൽ) തൊഴിൽ, മലക്കറി കച്ചവടം, പരാതി എഴുത്ത്, തേങ്ങാ വിൽപ്പന, കുട നെയ്ത്ത്, പാൽ കച്ചവടം തുടങ്ങിയ അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെയാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ കൊണ്ടുവന്നിട്ടുള്ളത്.

(ഡി) 18 വയസ്സ് മുതൽ 70 വയസ്സ് വരെ പ്രായമുള്ളവർക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്.

(ഇ) മേൽ സൂചിപ്പിച്ച മേഖലകളിലെ തൊഴിലാളികൾക്ക് മരണം സംഭവിച്ചാൽ 50,000 രൂപയും, അപകടത്തിൽ സ്ഥിരമായി അംഗവൈകല്യം സംഭവിച്ചാൽ 50,000 രൂപയും, ഒരു കണ്ണിന് കാഴ്ച നഷ്ടപ്പെടുകയോ ഒരു അവയവം നഷ്ടപ്പെടുകയോ ചെയ്യുന്ന തൊഴിലാളികൾക്ക് 25,000 രൂപയും, രണ്ട് അവയവങ്ങൾ നഷ്ടപ്പെടുകയോ ഒരു കണ്ണും ഒരു അവയവവും നഷ്ടപ്പെടുകയോ രണ്ട് കണ്ണുകളും നഷ്ടപ്പെടുകയോ ചെയ്താൽ 50,000 രൂപയും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതാണ്.

(എഫ്) തൊഴിലാളികളിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് മാത്രമേ ഇൻഷ്വറൻസ് പരിരക്ഷ നൽകുകയുള്ളൂ.

(ജി) ഇതിനകം 15,873 തൊഴിലാളികളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(എച്ച്) 7-8-2000-ന് തിരുവനന്തപുരത്ത് കനകക്കുന്ന് കൊട്ടാരത്തിൽ വച്ച് പ്രസ്തുത പദ്ധതി ഉൽഘാടനം നിർവ്വഹിക്കുകയും അപ്രകാരം പ്രസ്തുത പദ്ധതിയെക്കുറിച്ച് പത്രമാധ്യമങ്ങളിൽ കൂടി പ്രചരണം നടത്തിയിട്ടുള്ളതുമാണ്. തൊഴിൽ വകുപ്പ് സംഘടിപ്പിക്കുന്ന 'പരിഹാരവേദികളിലൂടെയും ഇതിന് പ്രചരണം നൽകുന്നുണ്ട്. പദ്ധതി വ്യാപകമാക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

ലോഡ് ഷെഡ്ഡിംഗ്

24(*53) ശ്രീ. ജോർജ് . ജെ. മാത്യു :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ലോഡ്ഷെഡ്ഡിംഗ് എന്നാണ് പിൻവലിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ലോഡ്ഷെഡ്ഡിംഗ് പിൻവലിച്ചപ്പോൾ വോൾട്ടേജ് ക്ഷാമം ഇല്ലാതാക്കാനും വൈദ്യുതി തടസ്സം ഒഴിവാക്കാനും എന്തെല്ലാം നടപടി സ്വീകരിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ തുടർച്ചയായി വൈദ്യുതിതടസ്സം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) വൈദ്യുതിബന്ധം പുന:സ്ഥാപിക്കുവാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) 1-11-2000-ൽ

(ബി) ലോഡ്ഷെഡ്ഡിംഗ് പിൻവലിച്ചപ്പോൾ വോൾട്ടേജ് ക്ഷാമം ഇല്ലാതാക്കാനും വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടായിരുന്നു.

1. 66 കെ. വി. സബ്സ്റ്റേഷൻ കുട്ടനാട്, 110 കെ. വി. സബ്സ്റ്റേഷൻ പാല, 66 കെ. വി. സബ്സ്റ്റേഷൻ പാമ്പാടി, 220 കെ. വി. സബ്സ്റ്റേഷൻ പൂവൻതുരുത്ത്, 66 കെ. വി. സബ്സ്റ്റേഷൻ ചങ്ങനാശ്ശേരി, 110 കെ. വി. സബ്സ്റ്റേഷൻ പാറശ്ശാല, 110 കെ. വി. സബ്സ്റ്റേഷൻ കുന്നമംഗലം, 110 കെ. വി. സബ്സ്റ്റേഷൻ വെസ്റ്റ് ഹിൽ, 110 കെ.വി. സബ്സ്റ്റേഷൻ വടകര, 110 കെ. വി. സബ്സ്റ്റേഷൻ തലശ്ശേരി, 66കെ. വി. സബ്സ്റ്റേഷൻ എടരിയോട് എന്നിവടങ്ങളിൽ പുതുതായി ട്രാൻസ്ഫോർമർ സ്ഥാപിക്കുകയോ/നിലവിലുള്ള ട്രാൻസ്ഫോർമർ മാറ്റി ശേഷി കൂടിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയോ ചെയ്തിട്ടുണ്ട്.

2. പള്ളം-ഏറ്റുമാനൂർ 66 കെ. വി. ലൈൻ, പി.എ.പി. 66 കെ.വി. ലൈനിന്റെ കാഞ്ഞിരപ്പള്ളി-പീരുമേട് ഭാഗം, ഇടമൺ-കുണ്ടറ-പുനലൂർ 110 കെ.വി ഡബിൾ സർക്യൂട്ട് ലൈൻ, മാടക്കത്തറ - വലപ്പാട് 110 കെ.വി ഡബിൾ സർക്യൂട്ട് ലൈൻ, മലപ്പുറം-മഞ്ചേരി 66 കെ.വി. ലൈൻ എന്നിവിടങ്ങളിലെ കണ്ടക്ടറുകൾ മാറ്റി ശേഷി കൂടിയവ സ്ഥാപിക്കുകയോ/ പുതിയ ലൈൻ വലിക്കുകയോ ചെയ്തിട്ടുണ്ട്.

3. ഇവയ്ക്കു പുറമേ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 35 സബ് സ്റ്റേഷനുകൾ കമ്മീഷൻ ചെയ്യുക വഴി വോൾട്ടേജ് ക്ഷാമവും, വൈദ്യുതി തടസ്സവും ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

4. ഇവയ്ക്ക് പുറമേ എവിടെയെങ്കിലും പ്രത്യേകമായി വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നെങ്കിൽ അവിടങ്ങളിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് ജോലികൾ പ്രത്യേക മുൻഗണനയിൽ സമയ ബന്ധിതമായി പൂർത്തികരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി&ഡി) തുടർച്ചയായ വൈദ്യുതി തടസ്സം ഉണ്ടാകുന്നില്ല. എന്തെങ്കിലും സാങ്കേതിക കാരണങ്ങളാൽ സാധാരണ ഉണ്ടാകുന്ന വൈദ്യുതി തടസ്സങ്ങളേ ഇപ്പോഴുമുള്ളൂ. അത് യഥാസമയം തന്നെ പരിഹരിച്ചു വരുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly